**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 280** **08-08-2023 - ൽ മറുപടിയ്ക്ക്**

**വനിതകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് വനിത-ശിശുവികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാം എന്ന് വിശദമാക്കാമോ; | (എ) | (എ) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന ആക്രമണങ്ങൾ തടയുന്നതിന് വേണ്ടി സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന വിവിധ പ്രോജക്ടുകളിലെ ജീവനക്കാരും സംവിധാനങ്ങളും ജെൻഡർ സെൻസിറ്റീവ് ആണോ എന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം പരിശോധനകളുടെ റിപ്പോർട്ട് നൽകാമോ; | (ബി) | (ബി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന ആക്രമണങ്ങൾ തടയുന്നതിന് വേണ്ടി സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന വിവിധ പ്രോജക്ടുകളിലെ ജീവനക്കാരും സംവിധാനങ്ങളും ജെൻഡർ സെൻസിറ്റീവ് ആണോ എന്നുള്ളത് പരിശോധിച്ചിട്ടില്ല. എന്നാൽ മുൻവർഷങ്ങളിൽ വകുപ്പിലെ ജീവനക്കാർക്ക് IMG മുഖേന നൽകുന്ന സ്റ്റേറ്റ് ട്രെയിനിംഗ് പ്രോഗ്രാമിൽ ജെന്റർ സെൻസിറ്റയിസേഷൻ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. വരും വർഷത്തിൽ ടി ട്രെയിനിംഗ് വകുപ്പിലെ ജീവനക്കാർക്ക് നൽകുന്നതാണ്. കൂടാതെ വകുപ്പ് നടപ്പിലാക്കുന്ന സൂക്ഷ്മം പദ്ധതിയുടെ ഭാഗമായി വനിത ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ തിരഞ്ഞെടുത്ത സർക്കാർ ആഫീസുകളിൽ ജെൻഡർ ആഡിറ്റ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം പ്രീ ആന്റ് പോസ്റ്റ് മാരിറ്റൽ കൗൺസിലിംഗ് പരിശീലനത്തിന്റെ ഭാഗമായി ഫാമിലി കൗൺസിലിംഗ് സെന്ററിലെ കൗൺസിലർമാർക്കും കാതോർത്ത് പദ്ധതിയുടെ കീഴിലുള്ള കൗൺസിലർമാർക്കും ജെൻഡർ സെൻസിറ്റൈസേഷൻ സംബന്ധിച്ച് പരിശീലനം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ടി വിഷയം ആസ്പദമാക്കി 904 സ്കൂൾ കൗൺസിലേഴ്സിന് പരിശീലനം നൽകിയിട്ടുണ്ട്.<br><br>കേരള പോലീസ് സേനയെ ജെൻഡർ ഫോക്കസ്ഡ് ആക്കുന്നതിനും സ്ത്രീകൾക്കും ലൈംഗിക ന്യൂന പക്ഷങ്ങൾക്ക് എതിരെയുള്ള |

| | | | |
|---|---|---|---|
| | | | അതിക്രമങ്ങൾ തടയുന്നതിനും ലിംഗഭേദമില്ലാതെ നിയമനടപടികൾ സ്വീകരിക്കുന്നതിനും പോലീസ് സേനയെ ജെൻഡർ സെൻസിറ്റീവാക്കുന്നതിനുമായി വനിതാ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ 2019 മുതൽ തൃശ്ശൂർ കേരള പോലിസ് അക്കാദമിയിൽ വച്ചും തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിൽ വച്ചും പോലീസുദ്യോഗസ്ഥർക്കായി "ബോധ്യം" എന്ന പേരിൽ ജെൻഡർ സെൻസിറ്റീവ് കോഴ്സുകൾ നൽകി വരുന്നു. |
| (സി) | ഈ മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ പ്രവർത്തനങ്ങൾ ജെൻഡർ ഫോക്കസ്ഡ് ആക്കാനും കാര്യക്ഷമത വർദ്ധിപ്പിക്കാനും എന്തെല്ലാം പരിശീലനങ്ങളാണ് ജീവനക്കാർക്ക് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (സി) | (സി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന ആക്രമണങ്ങൾ തടയുന്നതിന് വേണ്ടി സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന വിവിധ പ്രോജക്ടുകളിലെ ജീവനക്കാരും സംവിധാനങ്ങളും ജെൻഡർ സെൻസിറ്റീവ് ആണോ എന്നുള്ളത് പരിശോധിച്ചിട്ടില്ല. എന്നാൽ മുൻവർഷങ്ങളിൽ വകുപ്പിലെ ജീവനക്കാർക്ക് IMG മുഖേന നൽകുന്ന സ്റ്റേറ്റ് ട്രെയിനിംഗ് പ്രോഗ്രാമിൽ ജെന്റർ സെൻസിറ്റയിസേഷൻ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. വരും വർഷത്തിൽ ടി ട്രെയിനിംഗ് വകുപ്പിലെ ജീവനക്കാർക്ക് നൽകുന്നതാണ്. കൂടാതെ വകുപ്പ് നടപ്പിലാക്കുന്ന സൂക്ഷ്മം പദ്ധതിയുടെ ഭാഗമായി വനിത ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ തിരഞ്ഞെടുത്ത സർക്കാർ ആഫീസുകളിൽ ജെൻഡർ ആഡിറ്റ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം പ്രീ ആന്റ് പോസ്റ്റ് മാരിറ്റൽ കൗൺസിലിംഗ് പരിശീലനത്തിന്റെ ഭാഗമായി ഫാമിലി കൗൺസിലിംഗ് സെന്ററിലെ കൗൺസിലർമാർക്കും കാതോർത്ത് പദ്ധതിയുടെ കീഴിലുള്ള കൗൺസിലർമാർക്കും ജെൻഡർ സെൻസിറ്റൈസേഷൻ സംബന്ധിച്ച് പരിശീലനം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ടി വിഷയം ആസ്പദമാക്കി 904 സ്കൂൾ കൗൺസിലേഴ്സിന് പരിശീലനം നൽകിയിട്ടുണ്ട്.<br><br>കേരള പോലീസ് സേനയെ ജെൻഡർ ഫോക്കസ്ഡ് ആക്കുന്നതിനും സ്ത്രീകൾക്കും ലൈംഗിക ന്യൂന പക്ഷങ്ങൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ലിംഗഭേദമില്ലാതെ നിയമനടപടികൾ സ്വീകരിക്കുന്നതിനും പോലീസ് സേനയെ ജെൻഡർ സെൻസിറ്റീവാക്കുന്നതിനുമായി വനിതാ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ 2019 മുതൽ തൃശ്ശൂർ കേരള പോലിസ് അക്കാദമിയിൽ വച്ചും തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് |

| | | | |
|---|---|---|---|
| | | | കോളേജിൽ വച്ചും പോലീസുദ്യോഗസ്ഥർക്കായി "ബോധ്യം" എന്ന പേരിൽ ജെൻഡർ സെൻസിറ്റീവ് കോഴ്സുകൾ നൽകി വരുന്നു. |
| (ഡി) | സ്ത്രീകൾക്ക് നേരെ നടന്നിട്ടുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് പരിഹരിക്കപ്പെട്ടിട്ടുള്ള കേസുകളിൽ ഇരയാക്കപ്പെട്ട വനിതയ്ക്ക് പരിഹാര നിർദ്ദേശങ്ങളിൽ പൂർണ്ണ സംതൃപ്തി ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാൻ നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളത്; ഇത്തരം സംവിധാനങ്ങളെക്കുറിച്ച് ഇരയാക്കപ്പെട്ട വനിതകളുടെ ഫീഡ്ബാക്ക് എടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ഡി) | (ഡി) സ്ത്രീകൾക്ക് നേരെ നടന്നിട്ടുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് പരിഹരിക്കപ്പെട്ടിട്ടുള്ള കേസുകളിൽ ഇരയാക്കപ്പെട്ട വനിതയ്ക്ക് പരിഹാര നിർദ്ദേശങ്ങളിൽ പൂർണ്ണ സംതൃപ്തി ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാൻ നിലവിൽ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ മിഷൻ ശക്തിയുടെ ഘടകമായ ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ പദ്ധതിയിലൂടെയും ജെൻഡർ ആഡിറ്റിംഗ് മുഖേനയും കാതോർത്ത് പോർട്ടൽ വഴിയും POSH പോർട്ടൽ വഴിയും ഫീഡ് ബാക്ക് ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>സ്ത്രീകൾക്ക് നേരെ നടന്നിട്ടുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസുകളിൽ അതിജീവിതയായ സ്ത്രീയ്ക്ക് പോലീസ് നടപടികളിൽ പൂർണ്ണ സംതൃപ്തി ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ നമ്പർ 36/2012 പ്രകാരം Victim Liaison Officer മാരെ നിയമിച്ചിട്ടുണ്ട്. ഇവർ പോലീസിന്റെ നിയമസഹായം പരാതിക്കിടയില്ലാതെ അതിജീവിതക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ Victim Support Scheme കൂടി നിലവിലുണ്ട്. |
| (ഇ) | അതിക്രമങ്ങൾക്കിരയാക്കപ്പെട്ടതും പ്രശ്നപരിഹാരം ഉണ്ടായി വീടുകളിലേക്കു മടങ്ങിയ സ്ത്രീകളുടെ ഇപ്പോഴത്തെ അവസ്ഥയെ സംബന്ധിച്ച എന്തെങ്കിലും സ്ഥിതി വിവരക്കണക്കുകളോ റിപ്പോർട്ടുകളോ വകുപ്പിൽ ലഭ്യമാണോ; വ്യക്തമാക്കുമോ; | (ഇ) | (ഇ) അതിക്രമങ്ങൾക്ക് ഇരയാക്കപ്പെട്ടതും പ്രശ്നപരിഹാരം നൽകി വീടുകളിലേയ്ക്ക് മടങ്ങിയെത്തുന്നതുമായ സ്ത്രീകളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച സ്ഥിതിവിവര കണക്കുകളോ അവസ്ഥ സംബന്ധിച്ച റിപ്പോർട്ടുകളോ വകുപ്പിൽ ലഭ്യമല്ല. അതിക്രമങ്ങൾക്ക് ഇരയാക്കപ്പെട്ട് പ്രശ്നപരിഹാരം കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങിയ സ്ത്രീകൾക്ക് ആവശ്യമാണെന്നുള്ള ഘട്ടത്തിൽ ഫോളോ അപ് നടപടികൾ സ്വീകരിക്കാറുണ്ട്. |
| (എഫ്) | അതിക്രമങ്ങൾക്കിരയാക്കപ്പെടുന്ന വനിതകൾക്ക് നൽകുന്ന കൗൺസിലിംഗ് സെഷൻ മോണിറ്റർ ചെയ്യാൻ സംവിധാനം ഉണ്ടോയെന്ന് വ്യക്തമാക്കാമോ; ഗാർഹിക പീഡനത്തിന് ഇരയായി ഒരു പ്രത്യേക മാനസികാവസ്ഥയിൽ സർക്കാർ സംവിധാനങ്ങളെ ആശ്രയിക്കുന്ന ഒരു സ്ത്രീക്ക് പൂർണ്ണ അർത്ഥത്തിൽ സർക്കാർ സംവിധാനങ്ങളിൽ നിന്ന് നീതി ലഭിക്കുന്നില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എഫ്) | (എഫ്) സ്വകാര്യത സൂക്ഷിക്കേണ്ടതായതിനാൽ കൗൺസിലിംഗ് സെഷൻ മോണിറ്ററിംഗ് ചെയ്യാറില്ല. ഗാർഹിക പീഡനത്തിന് ഇരയായി ഒരു പ്രത്യേക മാനസികാവസ്ഥയിൽ സർക്കാർ സംവിധാനങ്ങളെ ആശ്രയിക്കുന്ന ഒരു സ്ത്രീക്ക് പൂർണ്ണ അർത്ഥത്തിൽ സർക്കാർ സംവിധാനങ്ങളിൽ നിന്ന് നീതി ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം –1

## സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനായി വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ

### ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005

ഗാർഹികാതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം 2005 ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ഇത് നടപ്പിലാക്കുന്നതിനായി 14 ജില്ലകളിലും വനിത സംരക്ഷണ ഓഫീസർ, സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ, ഷെൽട്ടർ ഹോമുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. ടി നിയമ പ്രകാരം അതിക്രമങ്ങളിൽപ്പെട്ട സ്ത്രീകൾക്ക് സൗജന്യമായി വൈദ്യസഹായം, നിയമസഹായം, കൗൺസിലിംഗ്, താത്ക്കാലിക സംരക്ഷണം എന്നിവയും പോലീസ് സഹായവും ലഭ്യമാക്കുന്നു.

### POSH Act 2013

സുരക്ഷിത തൊഴിലിടം എന്ന സ്ത്രീകളുടെ അവകാശം സംരക്ഷിക്കുന്നതിനായി തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക പീഡനം (തടയലും, നിരോധിക്കലും, പരിഹാരവും) നിയമം 2013 സെക്ഷൻ 6 (2) പ്രകാരം വകുപ്പിലെ 258 ശിശുവികസന പദ്ധതി ഓഫീസറെ നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. വനിതാ ശിശുവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ POSH Act Complaints Portal 2023 ജനുവരി 24 മുതൽ ആരംഭിച്ചു. (web address: posh.wcd.kerala.gov.in).

### സ്ത്രീധന നിരോധന നിയമം 1961

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ, കേരള സ്ത്രീധന നിരോധന ചട്ടം 2004 ഭേദഗതി വരുത്തി, വനിത ശിശുവികസന ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായും, 14 ജില്ലകളിലേയും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമ സഹായവും നൽകുന്നതിനായി ജില്ലാ അഡ്വൈസറി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്ത്രീധനത്തിനെതിരെയുള്ള പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പോർട്ടൽ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ Website Address wcd.kerala.gov.in/dowry എന്നതാണ്.

### ശൈശവ വിവാഹ നിരോധന നിയമം 2006

ശൈശവ വിവാഹം നിരോധിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച നിയമത്തിന് സംസ്ഥാനത്ത് ചട്ടം രൂപീകരിക്കുകയും ശൈശവ വിവാഹ നിരോധനത്തിനായി വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി ബ്ലോക്കുതലത്തിൽ ശിശുവികസന പദ്ധതി ഓഫീസർമാരെ വിവാഹ നിരോധന ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്.ശൈശവ വിവാഹം നടക്കുന്നതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം നിയമനടപടി സ്വീകരിച്ച് ആയത് തടയുന്നതിനുള്ള നടപടി ടി

ഓഫീസർമാർ സ്വീകരിച്ചുവരുന്നു. കൂടാതെ ശൈശവ വിവാഹം മുൻ കൂട്ടി അറിയിക്കുന്ന വ്യക്തിക്ക് പാരിതോഷികം നൽകുന്ന 'പൊൻ വാക്ക്' പദ്ധതി വകുപ്പ് മുഖേന നടപ്പാക്കി വരുന്നു. ശൈശവ വിവാഹം മുൻ കൂട്ടി അറിയിക്കുന്ന വ്യക്തിക്ക് 2,500/- രൂപ ഈ പദ്ധതിയിലൂടെ പാരിതോഷികം നൽകുന്നു.

<u>പൊൻവാക്ക്</u>

പെൺകുട്ടികളുടെ വിദ്യാഭ്യാസ മേഖലയിൽ ഏറെ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് നിയമവിരുദ്ധമായി ശൈശവ വിവാഹം നടക്കുകയും ആയത് റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും ചെയ്യുന്ന പ്രവണത കണ്ടു വരുന്നുണ്ട്. പൊതുജന പങ്കാളിത്തത്തോടുകൂടി മാത്രമേ ഈ സമൂഹ വിപത്ത് പൂർണ്ണമായി തടയാൻ സാധിക്കുകയുള്ളൂ. ആയതിനായി പൊൻവാക്ക് എന്ന പേരിൽ ശൈശവ വിവാഹം മുൻ കൂട്ടി അറിയിക്കുന്ന വ്യക്തിക്ക് 2,500/- രൂപ ഈ പദ്ധതിയിലൂടെ പാരിതോഷികം നൽകുന്നു.

<u>കാതോർത്ത്</u>

സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിന് പരിഹാരം നിർദ്ദേശിക്കുന്നതിനുമായി ഓൺലൈൻ കൺസൽട്ടൻസി കാതോർത്ത് എന്ന പേരിൽ വിജയകരമായി നടപ്പിലാക്കി വരുന്നു. Kathorthu.wcd.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേന സ്ത്രീകൾക്ക് പരാതി സമർപ്പിക്കാവുന്നതാണ്. അവരുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം, കൗൺസിലിംഗ്, നിയമോപദേശം, പോലീസ് സഹായം എന്നിവ ഈ പദ്ധതിയിലൂടെ ലഭ്യാമാക്കുന്നു. സ്ത്രീകൾക്ക് സ്വന്തം വീട്ടിലിരുന്നുകൊണ്ട് പ്രശ്ന പരിഹാരം തേടാം എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

<u>രക്ഷാദൂത്</u>

ഗാർഹിക പീഡനത്തിൽ നിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും സഹകരിച്ചു ആരംഭിച്ച പദ്ധതിയാണ് രക്ഷാദൂത്. ഗാർഹിക പീഡനത്തിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം 2005 ഫലപ്രദമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അതിക്രമങ്ങളിൽപ്പെടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പരാതി സമർപ്പിക്കുന്നതിനായി തപാൽ വകുപ്പ് വനിത ശിശു വികസന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് രക്ഷാദൂത്. അതിക്രമത്തിനിരയായ വ്യക്തിയോ, അവരുടെ പ്രതിനിധിയോ പോസ്റ്റ് ഓഫീസിൽ എത്തി "തപാൽ" എന്ന കോഡ് പറയുകയും അവർക്ക് പോസ്റ്റ് മാസ്റ്റർ/മിസ്ട്രസിന്റെ സഹായത്തോടുകൂടി ഒരു സീൽ ചെയ്ത പേപ്പറിൽ പരാതി സ്വന്തം മേൽവിലാസമെഴുതി ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. അല്ലാത്തപക്ഷം പീഡനം അനുഭവിക്കുന്ന സ്ത്രീയോ/കുട്ടിയോ അവരുടെ അടുത്തുള്ള ലെറ്റർ ബോക്സിൽ സീൽ ചെയ്ത് വെള്ള പേപ്പറിൽ സ്വന്തം മേൽവിലാസമെഴുതി നിക്ഷേപിക്കാവുന്നതുമാണ്. ഈ പരാതികൾ പോസ്റ്റ് മാസ്റ്റർ സ്വീകരിച്ച് പീഡനം നേരിട്ട സ്ത്രീ/ കുട്ടിയുടെ പൂർണ്ണമായ മേൽവിലാസത്തോടെ വനിത ശിശു വികസന വകുപ്പിന്റെ ഇ-മെയിൽ/വാട്സ് ആപ്പ് sms helpline നിൽ കൈമാറുന്നതാണ്. ഈ പരാതികൾ വകുപ്പിലെ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഫാമിലി കൗൺസിലിംഗ് സെന്ററുകൾ :-

വനിത ശിശു വികസന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ കേരള സംസ്ഥാന സോഷ്യൽ വെൽഫെയർ ബോർഡിന് കീഴിൽ 36 ഫാമിലി കൗൺസിലിങ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ഗാർഹിക പീഡനങ്ങൾക്ക് ഇരയാകുന്ന വ്യക്തികൾക്ക് കൗൺസിലിംഗ് നൽകുക, നിയമസഹായം വേണ്ടുന്നവർക്ക് ലീഗൽ കൗൺസിലറുടെ സേവനം ലഭ്യമാക്കുക. താൽക്കാലിക അഭയകേന്ദ്രം ആവശ്യമായി വരുന്ന ഗുണഭോക്താക്കൾക്ക് താമസസൗകര്യം ഷെൽട്ടർ ഹോമുകളിൽ ലഭ്യമാക്കുക, ബോധവൽക്കരണ ക്ലാസ്സുകളിൽ ഗാർഹികപീഡനനിയമം ഉൾപ്പെടുത്തുക, ഗാർഹിക പീഡനത്തിന് ഇരയാകുന്നവർക്ക് സർക്കാരിൽ നിന്നും ലഭ്യമാകുന്ന സാമ്പത്തിക സഹായം എന്നിവയാണ് ഫാമിലി കൗൺസിലിങ് സെന്ററുകളുടെ പ്രധാന ചുമതലകൾ.

പ്രീ മാരിറ്റൽ / മാരിറ്റൽ കൗൺസിലിംഗ് :-

വർദ്ധിച്ചുവരുന്ന കുടുംബ ശിഥിലത പരിഹരിക്കുന്നതിന് പ്രീ മാരിറ്റൽ / മാരിറ്റൽ കൗൺസിലിംഗ് ഉപകരിക്കുമെന്ന് തെളിയിക്കപ്പെട്ട വസ്തുതയാണ്. കേരള സമൂഹത്തിൽ അടുത്ത കാലത്തായി സ്ത്രീധന മരണങ്ങളും, ഗാർഹിക പീഡനവും കൂടിയതിന്റെ പശ്ചാത്തലത്തിൽ പ്രീ മാരിറ്റൽ / മാരിറ്റൽ കൗൺസിലിങ്ങിനായി വനിതാ ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ രീതിയിൽ പ്രീ മാരിറ്റൽ / മാരിറ്റൽ കൗൺസിലിംഗ് നൽകുന്നതിനു തീരുമാനിക്കുകയും ആയതിലേക്കായി 77 ഫാമിലി കൗൺസിലർമാർ, 11 ഷെൽട്ടർ ഹോം കൗൺസിലർമാർ, 56 കാതോർത്ത് കൗൺസിലർമാർ ഉൾപ്പെടെ 144 കൗൺസിലർമാർക്ക് മാസ്റ്റർ ട്രെയിനറായി പ്രീ മാരിറ്റൽ / മാരിറ്റൽ പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ പരിശീലനം ലഭിച്ച കൗൺസിലർമാർ ഫാമിലി കൗൺസിലിംഗ് സെന്റർ, ഷെൽട്ടർ ഹോമുകൾ, കാതോർത്ത് ഓൺലൈൻ പോർട്ടൽ വഴി കാര്യക്ഷമമായി പ്രീ മാരിറ്റൽ / മാരിറ്റൽ കൗൺസിലിംഗ് നടത്തുന്നു.

എന്റെ കൂട് :-

നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും രാത്രി കാലങ്ങളിൽ സുരക്ഷിതമായി താമസിക്കുവാൻ ഒരു രാത്രികാല അഭയകേന്ദ്രമാണ് എന്റെ കൂട്. സംസ്ഥാനത്ത് കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ എന്റെ കൂട് പ്രവർത്തിക്കുന്നു. വൈകുന്നേരം ആറ് മണിമുതൽ പിറ്റേ ദിവസം രാവിലെ 7 മണി വരെ മാത്രം പ്രവർത്തിക്കുന്നു. മാസത്തിൽ ഒരാൾക്ക് പരമാവധി 3 ദിവസത്തേയ്ക്ക് മാത്രമാണ് പ്രവേശനം അനുവദിക്കുക. അടിയന്തിര സാഹചര്യങ്ങളിൽ 3 ദിവസങ്ങളിൽ കൂടുതൽ താമസിക്കേണ്ടി വന്നാൽ അധികമായി വേണ്ടി വരുന്ന ഓരോ ദിവസത്തിനു 150/- രൂപ ക്രമത്തിൽ അടച്ച് പ്രവേശനം നേടാവുന്നതാണ്. സ്ത്രീകൾ, പെൺകുട്ടികൾ, 12 വയസ്സിനു താഴെ പ്രായമുള്ള ആൺകുട്ടികൾ എന്നിവർക്കാണ് പ്രവേശനം അനുവദിക്കുന്നത്. അശരണരായ വനിതകൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

<u>സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ :-</u>

ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമ സഹായം, വൈദ്യസഹായം, വൊക്കേഷണൽ ട്രെയിനിംഗ്, ഷെൽട്ടർഹോമുകളിലേയ്ക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഡന നിയമത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ നൽകുന്നതിന് കേരളത്തിലെ 14 ജില്ലകളിലായി നിലവിൽ 90 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾസ്വീകരിച്ചു വരുന്നു.

<u>ഷെൽട്ടർ ഹോമുകൾ</u> :-

ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 പ്രകാരം ഗാർഹിക പീഡനങ്ങൾക്കിരയാകുന്ന വനിതകൾക്ക് സൗജന്യ ഭക്ഷണം, സൗജന്യ താമസ സൗകര്യം, സൗജന്യ വസ്ത്രം, കൗൺസിലിംഗ്, സൗജന്യ നിയമ സഹായം, വൈദ്യ സഹായം, തൊഴിൽ അധിഷ്ഠിത പരിശീലനം, കുട്ടികളുടെ സംരക്ഷണത്തിനും പഠനത്തിനുമുള്ള സൗകര്യങ്ങൾ എന്നീ സേവനങ്ങൾ ഷെൽട്ടർ ഹോം മുഖേന നൽകുന്നു. ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകളേയും കുട്ടികളെയുമാണ് (പെൺകുട്ടികളേയും 12 വയസ്സിന് താഴെ പ്രായമുള്ള ആൺകുട്ടികളേയും) ഈ ഹോമുകളിൽ താൽക്കാലികമായി (പരമാവധി രണ്ട് വർഷം വരെ) താമസിപ്പിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ 14 ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നു.

<u>വൺസ്റ്റോപ്പ് സെന്റർ</u> :

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ കൗൺസിലിംഗ്, വൈദ്യസഹായം, ചികിത്സ, നിയമസഹായം പോലീസ് സംരക്ഷണം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി നടപ്പാക്കി വരുന്ന പദ്ധതിയാണ് വൺസ്റ്റോപ്പ് സെന്റർ (ഒ.എസ്.സി.). കേരളത്തിൽ 14 ജില്ലകളിലും ഒരു ഒ.എസ്.സി വീതം 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. ലിംഗപദവിയുമായി ബന്ധപ്പെട്ട അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് ഏതുസമയത്തും അഭയം തേടാവുന്ന സ്ഥാപനമാണിത്.

<u>വാട്ട്സാപ്പ് ഹെൽപ്പ് ലൈൻ **9400080292**</u>

പരാതികൾ മേൽ വാട്ട്സാപ്പ് നമ്പരിൽ അറിയിക്കാവുന്നതാണ്. വനിതകളുമായി ബന്ധപ്പെട്ട പരാതികൾ ആണെങ്കിൽ വനിതാ സംരക്ഷണ ഓഫീസർ (WPO) ഒരാഴ്ചയ്ക്കകം നടപടി സ്വീകരിക്കുകയും കുട്ടികളുമായി ബന്ധപ്പെട്ട പരാതികളാണ് എങ്കിൽ ശിശുസംരക്ഷണ ഓഫീസർ (DCPO) അടിയന്തിരമായോ അല്ലെങ്കിൽ 48 മണിക്കൂറുകൾക്കുള്ളിലോ നടപടി സ്വീകരിക്കുന്നതുമാണ്.

181 മിത്ര ഹെൽപ്പ് ലൈൻ

സ്ത്രീകൾക്ക് ഗാർഹിക പീഡനം, മറ്റ് അതിക്രമങ്ങൾ എന്നിവ 181 മിത്ര ഹെൽപ്പ് ലൈനിൽ വിളിച്ച് പരാതിപ്പെടാവുന്നതാണ്. കൗൺസിലിംഗ് സഹായം ലഭ്യമാണ്.

വൺ ഡേ ഹോം (ഏകദിന വസതി)

തലസ്ഥാന നഗരിയിൽ അടിയന്തിര ആവശ്യങ്ങൾക്കായി വിവിധ ജില്ലകളിൽ നിന്ന് തനിച്ച് എത്തുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസ സൌകര്യം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഒരു ഏകദിന വസതി (one day home) എന്ന പദ്ധതി തിരുവനന്തപുരം തമ്പാനൂർ KSRTC ടെർമിനൽ സ്റ്റേഷനിൽ ഉള്ള കെട്ടിട സമുചയത്തിലെ 8-ാം നിലയിൽ തിരുവനന്തപുരം നഗരസഭയുടെ സംയുക്ത പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നു. തിരുവന്തപുരം തലസ്ഥാന നഗരിയിൽ അടിയന്തിര ആവശ്യങ്ങൾക്കായി എത്തുന്ന സ്ത്രീകൾ, പെൺകുട്ടികൾ, അമ്മമാരോടൊപ്പമുള്ള 12 വയസ്സു വരെയുള്ള ആൺകുട്ടികൾ എന്നിവർക്കാണ് പ്രവേശനം അനുവദിക്കുന്നത്. അശരണരായ വനിതകൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. ടി സ്ഥാപനത്തിൽ പ്രവേശനം എല്ലാ ദിവസവും 24 മണിക്കൂറും ലഭ്യമാണ്.

ശക്തി സദൻ

ലൈംഗിക ചൂഷണം തടയുക, ചൂഷണത്തിനിരയായവരെ പുനരധിവസിപ്പിക്കുക, പുനരേകീകരിക്കുക, സമൂഹത്തിലേയ്ക്ക് തിരിച്ചുകൊണ്ടു വരിക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഉജ്ജ്വല ഹോം പദ്ധതിയും, ദുഷ്കരമായ സാഹചര്യങ്ങൾക്കും വിവിധ ജീവിത പ്രതിസന്ധികൾക്കും വിധേയമാകുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും താൽക്കാലിക താമസസൗകര്യം പുനരധിവാസം, വൈദ്യസഹായം, നിയമസഹായം മുതലായവ നൽകി ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ 2015-16 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സ്വധാർ ഗ്രഹ് പദ്ധതിയും സംയോജിപ്പിച്ച് നടപ്പ് വർഷം മുതൽ ശക്തി സദൻ എന്ന പദ്ധതി നടപ്പാക്കി വരുന്നു.

കുട്ടികളുടെ അവകാശങ്ങളും സംരക്ഷണവും ഉത്തമ താൽപര്യവും ലക്ഷ്യമാക്കി വിവിധ സംരംഭങ്ങളെ ഒരു കുടക്കീഴിൽ ഏകോപിപ്പിച്ചു കൊണ്ട് കേന്ദ്ര വനിത ശിശു വികസന വകുപ്പ് മുഖേന സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മുഖാന്തിരം നടപ്പാക്കി വരുന്ന പദ്ധതികൾ

മിഷൻ വാത്സല്യ (മുമ്പ് സംയോജിത ശിശു സംരക്ഷണ പദ്ധതി) 2013-14 മുതൽ ടി പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കി വരുന്നു.

<u>പദ്ധതിയുടെ ലക്ഷ്യങ്ങൾ</u>

1. 18 വയസ്സിന് താഴെ പ്രായമുള്ള മുഴുവൻ കുട്ടികളുടെയും സുരക്ഷിതത്വവും അവകാശ സംരക്ഷണവും ഉറപ്പ് വരുത്തി ഭാവിയിൽ നല്ല പൗരന്മാരായി വളരുവാൻ കുട്ടികളെ പ്രാപ്തരാക്കുക.

2. കുട്ടികൾക്കെതിരെ വർദ്ധിച്ചുവരുന്ന ശാരീരിക - മാനസിക - സാമൂഹിക - ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളുടെ അവകാശങ്ങളിന്മേലുള്ള മറ്റുള്ളവരുടെ കടന്നുകയറ്റങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിയ്ക്കുന്നതിനുള്ള ഉറച്ച പ്രതിരോധ സംവിധാനം രൂപീകരിയ്ക്കുക.

3. 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വളരെ പെട്ടെന്ന് തൊട്ടടുത്തായി എത്തിപ്പെടാൻ കഴിയുന്ന ഉന്നത ഗുണനിലവാരമുള്ള സർക്കാർ സേവനവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുക.

4. കുട്ടികളുടെ സംരക്ഷണത്തിനായുള്ള മുഴുവൻ നിയമങ്ങളെയും പദ്ധതികളെയും കൂട്ടിയണക്കി ഒരു കുടക്കീഴിൽ ഏകോപിപ്പിയ്ക്കുകയും ഇതിനായി വിവിധ സർക്കാർ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കുകയും ചെയ്ത് കൂടുതൽ മെച്ചപ്പെട്ട സേവനം ഉറപ്പാക്കുക.

5. ഐ.സി.പി.എസ്. ൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

**<u>സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി:</u>**

ബാലനീതി നിയമപ്രകാരം ശിശു സംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് (രജിസ്റ്റർ നമ്പർ. T 2043/11 തീയതി. 16.12.2011) പ്രവർത്തിക്കുന്ന സംവിധാനമാണ് എസ്.സി.പി.എസ്. നിലവിൽ തിരുവനന്തപുരത്ത് പൂജപ്പുരയിൽ പ്രവർത്തിച്ച് വരുന്നു. ഐ.സി.പി.എസ്.ന്റെ ചുമതലകളും പ്രവർത്തനങ്ങളും ചുവടെ ചേർക്കുന്നു.

**<u>ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ:</u>**

ജില്ലയിലെ ശിശു സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി ചെറുക്കുന്നതിനും, നിയമത്തിന്റെ പരിഗണനയിൽ എത്തുന്ന കുട്ടികൾക്ക് ഉചിതമായ പുനരധിവാസം ഉറപ്പാക്കുന്നതിനുമായി ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു

**<u>ചൈൽഡ് വെൽഫയർ കമ്മിറ്റികൾ:</u>**

ജെ.ജെ.ആക്ട് നിഷ്കർഷിയ്ക്കുന്നതു പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഓരോ ജില്ലയിലും ചൈൽഡ് വെൽഫയർ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു.

**ജുവനൈൽ ജസ്റ്റീസ് ബോർഡ്:**

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനത്ത് 14 ജില്ലകളിലും ജുവനൈൽ ജസ്റ്റീസ് ബോർഡുകൾ പ്രവർത്തിയ്ക്കുന്നു (ജെ.ജെ.ആക്ട് വകുപ്പ് 4). ഓരോ ജുവനൈൽ ജസ്റ്റീസ് ബോർഡിലും ഒരു പ്രിൻസിപ്പൽ മജിസ്ട്രേറ്റും (ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ്) 2 സോഷ്യൽ വർക്കർ മെമ്പർമാരുമാണുള്ളത്.

**സ്ഥാപനേതര സംരക്ഷണ പദ്ധതികൾ:**

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

**ദത്തെടുക്കൽ:**

ജന്മം നൽകിയ മാതാപിതാക്കളിൽ നിന്ന് കുഞ്ഞിനെ സ്ഥിരമായി വേർപ്പെടുത്തപ്പെടുകയും, ഏറ്റെടുക്കുന്ന മാതാപിതാക്കളിൽ നിന്ന് നിയമപരമായ എല്ലാ അവകാശങ്ങളും അധികാരങ്ങളും ഉത്തരവാദിത്വങ്ങളും കുഞ്ഞിന് ലഭ്യമാക്കുന്നതുമായ നടപടിയാണ് ദത്തെടുക്കൽ.

**സ്പോൺസർഷിപ്പ്:**

സാമ്പത്തിക പരാധീനതമൂലം വിദ്യാഭ്യാസം നേടാൻ കഴിയാത്ത കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായമായി പ്രതിമാസം 2,000/-രൂപ വീതം നൽകുന്ന പദ്ധതി.

**ഫോസ്റ്റർ കെയർ:**

കുടുംബങ്ങളിലെ പ്രതികൂല സാഹചര്യം കാരണം മാതാപിതാക്കളോടൊപ്പമോ മറ്റു ബന്ധുക്കളോടൊപ്പമോ ജീവിക്കാൻ സാധിയ്ക്കാത്ത കുട്ടികൾക്ക് അവരെ സ്വീകരിയ്ക്കാൻ തയ്യാറും പ്രാപ്തിയുമുള്ള മറ്റു കുടുംബങ്ങളിൽ സന്തോഷപൂർവ്വം ജീവിയ്ക്കാൻ അവസരം ഒരുക്കികൊടുക്കുകയാണ് ഫോസ്റ്റർ കെയർ പദ്ധതിയുടെ ഉദ്ദേശ്യം.

എ) ഗ്രൂപ്പ് ഫോസ്റ്റർ കെയർ

ബി) കിൻഷിപ്പ് ഫോസ്റ്റർ കെയർ

**ഗ്രൂപ്പ് ഫോസ്റ്റർ കെയർ:**

സംസ്ഥാനത്ത് ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത വിവിധ സ്ഥാപനങ്ങളുടെ സംരക്ഷണയിൽ കഴിയുന്ന കുട്ടികളുടെ പുനരധിവാസം ലക്ഷ്യം വച്ചുകൊണ്ട് നടത്തുവാൻ ഉദ്ദേശിയ്ക്കുന്ന പദ്ധതിയാണ് ഗ്രൂപ്പ് ഫോസ്റ്റർ കെയർ പദ്ധതി. ടി പദ്ധതി നടപ്പാക്കുന്നതിനായി ജില്ലകളിൽ പ്രചരണം നടത്തുകയും ഫോസ്റ്റർ കെയറിനായി അനുയോജ്യരായ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും അപേക്ഷകൾ

സ്വീകരിയ്ക്കുകയും കൂടാതെ ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ താമസിയ്ക്കുന്ന ഗ്രൂപ്പ് ഫോസ്റ്റർ കെയർ പദ്ധതിയ്ക്ക് അനുയോജ്യരായ കുട്ടികളെ കണ്ടെത്തുന്നതിന് എല്ലാ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ മുഖേനയും നടപടി സ്വീകരിച്ചു വരുന്നു.

**കിൻഷിപ്പ് ഫോസ്റ്റർ കെയർ:**

സംസ്ഥാനത്ത് ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിയ്ക്കുന്ന ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ കഴിയുന്നതോ മാതാപിതാക്കൾക്ക് പരിചരിയ്ക്കാൻ കഴിയാത്തതോ ആയ കുട്ടികളെ പരിചരിയ്ക്കാൻ കഴിയുന്ന സാമൂഹ്യ സാഹചര്യമുള്ള ബന്ധു കുടുംബങ്ങളിലേയ്ക്ക് മതിയായ സാമ്പത്തിക സഹായം നൽകി ചുരുങ്ങിയ കാലത്തേയ്ക്ക് പുനരധിവസിപ്പിയ്ക്കുക എന്നതാണ് കിൻഷിപ്പ് ഫോസ്റ്റർ കെയർ പദ്ധതികൊണ്ട് ഉദ്ദേശിയ്ക്കുന്നത്.

**സർക്കാർ ചിൽഡ്രൻസ് ഹോമുകൾ:**

സംസ്ഥാനത്ത് ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളതും നിയമവുമായി പൊരുത്തപ്പെടാത്തതുമായ കുട്ടികളെ സംരക്ഷിക്കുന്നതിനായി 27 ഹോമുകൾ സർക്കാർ നേരിട്ട് നടത്തുന്നു.

**ഐ.സി.പി.എസ്. ധനസഹായത്തോടെ സന്നദ്ധ സംഘടനകൾ നടത്തുന്ന ചൈൽഡ് കെയർ സ്ഥാപനം:**

ക്നായലോൺ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിയ്ക്കുന്ന അഞ്ജനം ചിൽഡ്രൻസ് ഹോമിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള 25 പെൺകുട്ടികളെ പുനരധിവസിപ്പിച്ചു വരുന്നു.

**സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി (SAA):**

6 വയസ്സിനു താഴെ പ്രായമുള്ളതും, ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും, ദത്തെടുക്കലിനു വിധേയരാകേണ്ടതുമായ കുട്ടികളെ സംരക്ഷിയ്ക്കുന്ന സ്ഥാപനങ്ങളാണ് SAA. സംസ്ഥാനത്ത് നിലവിൽ 14 അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.

**തുറന്ന അഭയ ഭവനങ്ങൾ (Open shelters):**

തെരുവു കുട്ടികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനുള്ള 4 തുറന്ന അഭയ ഭവനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. ലിസ്റ്റ് ചുവടെ ചേർക്കുന്നു.

- ഡോൺ ബോസ്കോ സൊസൈറ്റി, തിരുവനന്തപുരം.
- ഫ്രീ ബേർഡ്സ്, കോഴിക്കോട് (ബോയ്സ്)
- ഡ്രീംസ്, കണ്ണൂർ
- ഫ്രീ ബേർഡ്സ്, കോഴിക്കോട് (ഗേൾസ്)

എസ്.സി.പി.എസ്. മുഖേന കുട്ടികൾക്ക് വേണ്ടി നടപ്പിലാക്കുന്ന മറ്റു പദ്ധതികൾ

**ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി.):**

കുട്ടികൾ അനുഭവിക്കുന്ന സ്വഭാവ - വൈകാരിക - പഠന - മാനസികാരോഗ്യ - സാമൂഹിക വെല്ലുവിളികൾ സ്കൂൾ തലത്തിൽ അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും പൊതു സമൂഹത്തിന്റെയും കൂട്ടായ്മയിൽ ശാസ്ത്രീയമായ രീതിയിൽ കണ്ടെത്തി പരിഹരിക്കുന്നതിനും കുട്ടികളിലെ ജീവിത നൈപുണികൾ ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതി. നിലവിൽ പദ്ധതി സംസ്ഥാനത്തെ 348 സ്കൂളുകളിൽ നടപ്പാക്കി വരുന്നു.

**കാവൽ പദ്ധതി:**

സംസ്ഥാനത്തെ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ മാനസിക സാമൂഹികാവസ്ഥ മെച്ചപ്പെടുത്തി സാമൂഹ്യധിഷ്ഠിത പുനരധിവാസം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധസംഘടനകൾ വഴി നടപ്പാക്കുന്ന പദ്ധതിയാണ് കാവൽ. പദ്ധതി നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പാക്കി വരുന്നു.

**സനാഥബാല്യം (അവധിക്കാല പോറ്റിവളർത്തൽ):**

പല സാഹചര്യങ്ങളാൽ മാതാപിതാക്കൾക്ക് കൂടെ നിർത്തി സംരക്ഷിക്കുവാൻ കഴിയാത്തതും, ചിൽഡ്രൻസ് ഹോമിലെ താമസക്കാരുമായ കുട്ടികൾക്ക് അവധിക്കാലത്ത് വീടനുഭവം നൽകാൻ ലക്ഷ്യമിടുന്ന പദ്ധതിയാണ് അവധിക്കാല പോറ്റിവളർത്തൽ പദ്ധതി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പദ്ധതി നടപ്പാക്കി വരുന്നു.

**ഉജ്ജ്വലബാല്യം:**

കലാ - കായിക - ശാസ്ത്ര - സാംസ്കാരിക - സാമൂഹ്യ - സാഹിത്യ രംഗങ്ങളിൽ അസാധാരണ മികവ് കാണിക്കുന്ന കുട്ടികൾക്ക് പുരസ്കാരം നൽകുന്ന പദ്ധതി. ഒരു ജില്ലയിൽ നിന്നും ഒരു കുട്ടിക്ക് 25,000/ രൂപയും പ്രശസ്തി പത്രവും ട്രോഫിയും നൽകുന്നു. കേന്ദ്ര സർക്കാരിന്റെ National Child Award for Exceptional Achievement Award വാങ്ങുന്ന സംസ്ഥാനത്തെ കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതിയാണിത്. Gold Medal നേടുന്ന കുട്ടികൾക്ക് 7500/- രൂപ വീതവും, Silver Medal നേടുന്ന കുട്ടികൾക്ക് 5000/- രൂപ വീതവും നല്കുന്നു.

**വിജ്ഞാനദീപ്തി:**

ഈ പദ്ധതിയിൽ സാമ്പത്തിക പരാധീനകൾ അനുഭവിക്കുന്ന കുടുംബത്തിലെ രണ്ട് കുട്ടികൾക്ക് വരെ പ്രതിമാസം 2,000/- രൂപ വീതം തുടർച്ചയായി മൂന്ന് വർഷം ധനസഹായം നൽകുന്ന സംസ്ഥാന സർക്കാരിന്റെ സ്പോൺസർഷിപ്പ് പദ്ധതിയാണ് വിജ്ഞാനദീപ്തി.

**ഡി-ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ:** 2015 ജെ.ജെ. ആക്ട് പ്രകാരം സ്ഥാപന സംരക്ഷണം അവസാനത്തെ അത്താണിയാണ്. സംസ്ഥാനത്ത് ജെ.ജെ. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത

817 ചൈൽഡ് കെയർ സ്ഥാപനങ്ങളിലായി ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള 20000 ത്തോളം കുട്ടികൾ താമസിച്ച് വരുന്നു. സ്ഥാപനത്തിലുള്ള താമസം കുട്ടികളുടെ ആത്മാഭിമാനവും ആത്മവിശ്വാസവും കുറയ്ക്കുന്നതായി പല പഠനങ്ങളും സൂചിപ്പിക്കുന്നു. ആയതിനാൽ ഇത്തരം കുട്ടികൾക്ക് സ്ഥാപനേതര സംരക്ഷണം ഉറപ്പവരുത്തി അവർക്ക് കുടുംബ മൂല്യത്തിൻറെ പ്രാധാന്യം ലഭ്യമാക്കേണ്ടതും അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിയ്ക്കുകയും ചെയ്യുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് ഡി-ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ.

ലോക്ഡൗൺ കാലയളവിൽ ജെ.ജെ. സ്ഥാപനങ്ങളിൽ നിന്ന് 16000 ത്തോളം കുട്ടികൾ വീട്ടുകളിലേയ്ക്ക് പോയിരുന്നു. ജെ.ജെ. സ്ഥാപനങ്ങളിൽ നിന്ന് സ്വന്തം കുടുംബങ്ങളിലേയ്ക്ക് പോയ കുട്ടികളെ ഹോം സ്റ്റഡി നടത്തി ഡി-ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് 23.05.2020 ലെ G.O.(Rt) No.207/2020/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്ഥാപനേതര സംരക്ഷണം ഉറപ്പ വരുത്തുന്നതിനായി പ്രസ്തുത കുട്ടികളുടെ ഹോം സ്റ്റഡി വിവരശേഖരണത്തിനായി ഒരു ഓൺലൈൻ വിവര ശേഖരണ ഫോർമാറ്റ് സി-ഡിറ്റിന്റെ സഹായത്തോടുകൂടി തയ്യാറാക്കുകയും ഇതു സംബന്ധിച്ച് വിശദമായ ഗൈഡ് ലൈൻ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും നൽകുകയും ചെയ്തു. ഹോം സ്റ്റഡി പൂർത്തിയാക്കി സാധ്യമാകുന്ന മുഴുവൻ കുട്ടികളെയും പുനരധിവസിപ്പിച്ചു വരുന്നു.

<u>ആഫ്റ്റർ കെയർ:</u> സ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികൾ 18 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് അവരെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തിയുള്ളവരാക്കി മാറ്റുക എന്നതാണ് ആഫ്റ്റർ കെയർ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി 16 വയസ്സുമുതൽ തന്നെ അവർക്ക് വ്യക്തി കേന്ദ്രീകൃത പരിശീലനവും മാനസികമായി തയ്യാറാക്കുന്നതിനുള്ള ഇടപെടലുകളും നടത്തേണ്ടതുണ്ട്. വളരെ തീവ്രമായ ഇടപെടൽ വേണ്ട പദ്ധതിയ്ക്ക് പ്രൊഫഷണൽ സമീപനവും സഹായവും ആവശ്യമാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് വനിത ശിശു വികസന വകുപ്പ് HLFPPT യുടെ സഹായത്തോടെ സംസ്ഥാനത്തെ 16 സർക്കാർ ചിൽഡ്രൻസ് ഹോമുകളിലും 3 ആഫ്റ്റർ കെയർ ഹോമുകളിലും പദ്ധതി നടപ്പാക്കി വരുന്നു.

<u>കാവൽ പ്ലസ് – ശരണബാല്യം:</u> ബാലവേല – ബാലഭിക്ഷാടനം – തെരുവ് ബാല്യ വിമുക്ത കേരളം എന്ന ലക്ഷ്യത്തിനായി നടപ്പാക്കി വരുന്ന പദ്ധതിയാണ് ശരണബാല്യം. 2017 – 18 പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, കൊല്ലം ജില്ലകളിൽ നടപ്പാക്കുകയും പദ്ധതിയുടെ മികച്ച നേട്ടത്തെ തുടർന്ന് 2019 – 20 കാലഘട്ടത്തിൽ പദ്ധതി എല്ലാ ജില്ലയിലും നടപ്പാക്കി. 2020 – 21 സാമ്പത്തിക വർഷത്തിൽ കാവൽപ്ലസ് പദ്ധതിയ്ക്ക് (Community based rehabilitation and re-integration for CNCP children through psychological approach) സംസ്ഥാനത്ത് തുടക്കം കുറിച്ചു. ചൈൽഡ് വെൽഫയർ കമ്മിറ്റി മുമ്പാകെ എത്തുന്ന അതിതീവ്രമായ പ്രശ്നങ്ങൾ നേരിടുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് സാമൂഹ്യ – മാനസിക പരിരക്ഷയും പിന്തുണയും നൽകി അവർക്ക് ശരിയായ സാമൂഹ്യജീവിതം നയിയ്ക്കാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ സാമൂഹ്യ ഇടപെടൽ പദ്ധതിയാണ് കാവൽ പ്ലസ്.

<u>പാരൻറിംഗ് ക്ലിനിക്കുകൾ</u>– നിലവിൽ സംസ്ഥാനത്തെ 158 ബ്ലോക്കുകളിലായാണ് (152 പഞ്ചായത്തുകളിലും 6 കോർപ്പറേഷനുകളിലും) പാരൻറിംഗ് ക്ലിനിക്കുകൾ പരിശീലനം നേടിയ

സ്കൂൾ കൗൺസിലർമാരുടെ നേതൃത്വത്തിൽ പ്രവർത്തിയ്ക്കുന്നത്. എല്ലാ ശനിയാഴ്ചകളിലും (പൊതുഅവധി ദിവസങ്ങളൊഴികെ) രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 മണി വരെയാണ് ക്ലിനിക്ക് പ്രവർത്തിയ്ക്കുന്നത്. ഫലപ്രദമായ രക്ഷാകർതൃത്വവുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കുള്ള സംശയങ്ങൾക്ക് ശാസ്ത്രീയമായ മാർഗ്ഗനിർദ്ദേശങ്ങൾ പാരൻറിംഗ് ക്ലിനിക്കുകൾ വഴി നൽകി വരുന്നു. കുട്ടികൾ നേരിടുന്ന സ്വഭാവ – വൈകാരിക – മാനസികാരോഗ്യ പ്രശ്നങ്ങളിൽ ഫലപ്രദമായ ഇടപെടൽ സാധ്യമാകുകയും കൂടുതൽ ഇടപെടൽ ആവശ്യമായി വരുന്ന കുട്ടികളെയും മാതാപിതാക്കളെയും വിദഗ്ധ പരിചരണം നൽകുന്നതിനായി ജില്ലാ റിസോഴ്സ് സെൻററിലേയ്ക്ക് റഫർ ചെയ്യുന്നു. ആധുനിക കാലഘട്ടത്തിൽ രക്ഷിതാക്കൾ സ്വീകരിയ്ക്കേണ്ട രക്ഷാകർതൃ രീതികളെ കുറിച്ച് അറിവും അവബോധവുമുള്ള കൗൺസിലർമാർ / സൈക്കോളജിസ്റ്റുമാർ എന്നിവരുടെ പാനൽ കേരളത്തിലെ എല്ലാ ജില്ലകളിലേയും ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളുടെ നേതൃത്വത്തിൽ തയ്യാറാക്കുകയും സേവനങ്ങൾ നൽകി വരികയും ചെയ്യുന്നു.

പാരൻറിംഗ് ഔട്ട് റീച്ച് ക്യാമ്പുകൾ – ഉത്തരവാദിത്ത പൂർണ്ണമായ രക്ഷാകർതൃത്വം സംബന്ധിച്ച് മാതാപിതാക്കൾക്കിടയിൽ അവബോധം സൃഷ്ടിയ്ക്കുവാനും പാരൻറിംഗിൽ ശാസ്ത്രീയമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ വകുപ്പ് മുഖേന ഐ.സി.പി.എസ്. ന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ചാക്രികരീതിയിൽ പാരൻറിംഗ് ഔട്ട് റീച്ച് ക്യാമ്പുകൾ നടത്തി വരുന്നു. പഞ്ചായത്തിന്റെ സഹകരണത്തോടെ എല്ലാ ശനിയാഴ്ചകളിലും ഉച്ചയ്ക്ക് ശേഷം 2 മണി മുതൽ വൈകുന്നേരം അഞ്ചുമണിവരെയാണ് ഔട്ട്റീച്ച് ക്യാമ്പുകൾ പ്രവർത്തിയ്ക്കുന്നത്. ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ന്യൂട്രിഷനിസ്റ്റ് എന്നിവരുടെ സേവനം പഞ്ചായത്ത് അധികൃതരുടെ സഹകരണത്തോടെ ക്യാമ്പിൽ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളിൽ എല്ലാ ശനിയാഴ്ചകളിലും പ്രവർത്തിച്ചുവരുന്ന പാരൻറിംഗ് ക്ലിനിക്കുകൾക്ക് പുറമെയാണ് പഞ്ചായത്ത് തല ഔട്ട്റീച്ച് ക്യാമ്പുകൾ.

നിനവ്: കേരളത്തിലെ കുട്ടികളിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യപ്രവണത തടയുന്നതിനുള്ള പ്രതിരോധ പരിപാടിയാണ് നിനവ്. കുട്ടികൾക്കിടയിൽ ശാസ്ത്രീയമായ പഠനങ്ങളും ഗവേഷണങ്ങളും നടത്തുക, രക്ഷകർത്താക്കൾക്കും, അദ്ധ്യാപകർക്കും പരിശീലനങ്ങൾ നടത്തുക, കുട്ടികൾക്കിടയിൽ ആത്മഹത്യ തടയുന്നതിന് ഒരുമിച്ച് പ്രവർത്തിയ്ക്കുക, കുട്ടികൾക്കിടയിൽ നല്ല മാനസികാരോഗ്യത്തിന്റെ പ്രാധാന്യത്തെയും ആവശ്യകതയേയും കുറിച്ച് സമൂഹത്തിൽ മുഴുവൻ അവബോധം സൃഷ്ടിയ്ക്കുക എന്നിവയാണ് ഈ ആത്മഹത്യാ പ്രതിരോധ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്.

മാസ്റ്റർ ഷെഫീഖ് കമ്മിറ്റി കരുതൽ തുക – അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിനുള്ള പദ്ധതി.

ബാലനിധി – സമൂഹത്തിൽ വിവിധ ബുദ്ധിമുട്ടുകൾ അനുഭവിയ്ക്കുന്ന കുട്ടികൾക്ക് ധനസഹായം നൽകുന്നതിനായി ബാലനീതി നിയമം 2015 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്കുള്ള പിന്തുണ പദ്ധതികൾ: അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് കേസ്, വിചാരണ എന്നീ ഘട്ടങ്ങളിൽ ആവശ്യമായ മാനസിക

പിന്തുണ നൽകുന്നതിനും നിയമ സഹായം നൽകുന്നതിനുമായി സപ്പോർട്ട് പേഴ്സൺ, വിദഗ്ധർ എന്നിവരുടെ സഹായം സൗജന്യമായി നൽകി വരുന്നു.

പാരന്റിംഗ് ക്യാമ്പയിൻ: കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി രക്ഷിതാക്കളിൽ വേണ്ടത്ര അവബോധം സൃഷ്ടിയ്ക്കുന്നതിനുള്ള പാരന്റിംഗ് ക്യാമ്പയിന്റെ ഭാഗമായി ഹ്രസ്വചിത്രം, ഡോക്യുമെന്ററി, പോസ്റ്ററുകൾ, സെമിനാറുകൾ, എഫ്.എം. ക്യാമ്പയിനുകൾ എന്നിവ സംഘടിപ്പിച്ച് വരുന്നു.

ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ: കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വില്ലേജ്, പഞ്ചായത്ത്, ബ്ലോക്ക്, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി തലത്തിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിയ്ക്കുകയും ടി കമ്മിറ്റികൾ ശാക്തീകരിയ്ക്കുന്നതിനായി വകുപ്പിന്റെ നേതൃത്വത്തിൽ ജനപ്രതിനിധികൾക്കും വകുപ്പിലെ ജീവനക്കാർക്കും പരിശീലനം നൽകിവരുകയുംചെയ്യുന്നു.

ജില്ലാ ജുവനൈൽ ജസ്റ്റീസ് കമ്മിറ്റി: ജില്ലാതലത്തിൽ കുട്ടികളുടെ സുരക്ഷയും സംരക്ഷണവും വിലയിരുത്തുന്നതിനായി ജില്ലാ ജഡ്ജി അദ്ധ്യക്ഷനായി വിവിധ കർത്തവ്യവാഹകരെ ഉൾപ്പെടുത്തി ജില്ലാ ജുവനൈൽ ജസ്റ്റീസ് കമ്മിറ്റി 25.03.2019 ലെ സർക്കാർ ഉത്തരവ് നമ്പർ. 169/2019/SJD പ്രകാരം രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു

കോവിഡ് മൂലം മാതാപിതാക്കൾ മരിച്ച കുട്ടികൾക്കുള്ള ധനസഹായ പദ്ധതി –

മാതാപിതാക്കൾ അല്ലെങ്കിൽ നിലവിലുള്ള ഏകരക്ഷിതാവ് കോവിഡ് മൂലം മരണപ്പെടുന്ന സാഹചര്യത്തിലാണ് ഈ പദ്ധതിയിലൂടെ കുട്ടികൾക്ക് ധനസഹായം ലഭ്യമാകുക. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ ഫിക്സഡ് ഡെപ്പോസിറ്റായി 3,00,000/രൂപ നിക്ഷേപിക്കുകയും 18 വയസ് പൂർത്തിയാകുന്ന മുറയ്ക്ക് കൈമാറുകയും ചെയ്യും. കൂടാതെ പ്രതിമാസം 2000 രൂപ വീതം ഈ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനും മറ്റ് ജീവനോപാധികൾക്കുമായി അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യും. കൂടാതെ ബിരുദതലം വരെയുള്ള വിദ്യാഭ്യാസം സൗജന്യമായി നൽകുകയും ചെയ്യും.

കൂടാതെ കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങളും ലൈംഗികാതിക്രമങ്ങളും പീഡനങ്ങളും ഇല്ലായ്മ ചെയ്യുന്നതിന് കർശന നടപടി സ്വീകരിയ്ക്കുന്നതിൻെറ ഭാഗമായി ഉത്തരവാദിത്വ രക്ഷാകർത്തൃത്വം, ലഹരികടത്ത്, കുട്ടികടത്ത് എന്നിവ തടയുക, കുട്ടികൾക്കുള്ള കരിക്കുലത്തിൽ ലൈംഗികവിദ്യാഭ്യാസം ഉൾപ്പെടുത്തുക, എല്ലാ പഞ്ചായത്തുകളും ശിശു സൗഹൃദമാക്കുക എന്നീ ഉദ്ദേശങ്ങളോടെ Ending Violence against Children എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനായി വിശദമായ ഒരു പ്രൊപ്പോസൽ സർക്കാരിൻെറ പരിഗണനയിലുമുണ്ട്.

സ്റ്റേറ്റ് നിർഭയ സെൽ മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ

അതിക്രമങ്ങൾ തടയുന്നതിലേക്കുള്ള ഐ.ഇ.സി. പദ്ധതിയുടെ ഭാഗമായി സ്റ്റേക്ക് ഹോൾഡേഴ്സിനുള്ള ട്രെയിനിംഗ്, ക്യാമ്പയിനുകൾ, രാത്രി നടത്തം, വൺസ്റ്റോപ്പ് സെന്ററുകൾ മുഖേന നടത്തുന്ന ക്ലാസ്സുകൾ, ക്യാമ്പയിനുകൾ എന്നിവ.

അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിന് പെൺകുട്ടികളെ തയ്യാറെടുപ്പിക്കുന്നതിലേക്കായുള്ള ധീര പദ്ധതി.

അതിക്രമങ്ങൾ നേരിട്ട പെൺകുട്ടികൾക്ക് അടിയന്തിരമായി ശാരീരിക-മാനസിക പിന്തുണ നൽകുന്നതിനുള്ള പ്രിലിമിനറി അസ്സസ്സ്മെന്റ് പദ്ധതി.

അതിക്രമങ്ങൾ നേരിട്ടവർക്ക് ആവശ്യമായ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിലേക്കായി പ്രവർത്തിക്കുന്ന വൺസ്റ്റോപ്പ് സെന്ററുകൾ.

അതിക്രമങ്ങൾ അതിജീവിച്ച പെൺകുട്ടികൾക്ക് ആവശ്യമായ പുനരധിവാസ പ്രവർത്തനങ്ങൾ ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന 23 ഹോമുകൾ.

അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിരധനസഹായം നൽകുന്ന ആശ്വാസനിധി പദ്ധതി.

അതിക്രമങ്ങൾ കുറയ്ക്കുന്നതിനും അതിക്രമങ്ങൾ നേരിട്ടവർക്ക് സമൂഹത്തിൽ വച്ച് തന്നെ ആവശ്യമായ പിന്തുണ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള കാവൽപ്ലസ് പദ്ധതി.

സെക്ഷൻ ഓഫീസർ